# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2059 — 19.06.2012-ൽ മറുപടിയ്ക്ക്

### വനവൽക്കരണത്തിന് പ്രോത്സാഹനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) | വനവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന പരിപാടികൾ വിശദമാക്കുമോ; | എ) വനവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതകേരളം പദ്ധതി പ്രകാരം എല്ലാ വർഷവും വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മത സ്ഥാപനങ്ങൾ, രാഷ്ട്രീയ സംഘടനകൾ, പൊതുജനങ്ങൾ, പത്ര മാധ്യമങ്ങൾ എന്നിവർക്ക് വിതരണം നടത്തിവരുന്നുണ്ട്. ലഭ്യമായ പൊതു സ്ഥലങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനങ്ങളും ഹരിത കേരളം പദ്ധതി വഴി നടത്തി വരുന്നു. വനപ്രദേശത്തിന് പുറത്ത് സ്വാഭാവിക വനത്തെ പുനരുജ്ജീവിപ്പിക്കുവാൻ ലക്ഷ്യമിട്ട് 'വനദീപ്തി' എന്ന പേരിൽ നൂതനമായ ഒരു വനവത്കരണ പദ്ധതി ഈ വർഷം ആവിഷ്കരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പുനലൂരിന് സമീപം പത്തുപറയിൽ 'വനദീപ്തി' പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ വന വത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വകാര്യ വ്യക്തികൾക്ക് കാവുകളുടെ സംരക്ഷണത്തിന് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതിയും നടപ്പാക്കുന്നുണ്ട്. |
| ബി) | സ്കൂളുകൾ വഴി ഈ വർഷം വൃക്ഷതൈകൾ വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; | ബി) ഹരിത കേരളം പദ്ധതി പ്രകാരംസ്കൂളുകൾ വഴി ഈ വർഷം മുതൽ ഒന്ന് തൊട്ട് ൯ വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വൃക്ഷതൈകൾ സൗജന്യമായി വിതരണം ചെയ്തു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | വന നശീകരണം തടയുന്നതിനായി നിലവിലുള്ള പരിപാടികൾ ലക്ഷ്യത്തിലെത്തിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് പരിഗണനയിലുണ്ടോ ? | സി) | ഉണ്ട്. വനം കൊള്ളയും വന നശീകരണവും തടയുന്നതിനായി ഫലപ്രദമായ നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. വന മേഖലകളിൽ നിരന്തരം പെട്രോളിംഗ് നടത്തിയും ചെക്ക് പോസ്റ്റുകൾ വഴി കർശന പരിശോധന നടത്തിയും രഹസ്യാന്വേഷണ പ്രവർത്തനങ്ങളിലൂടെയും സംരക്ഷണ ജീവനക്കാർ വനാന്തരങ്ങളിൽ ക്യാമ്പ് ചെയ്തും ആന്റി പോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിച്ചും വനം കൊള്ള തടയുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തദ്ദേശീയരായ വാച്ചർമാരുടേയും വനസംരക്ഷണ സമിതികളുടേയും ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളുടേയും സഹായത്തോടുകൂടി രാത്രികാല റോന്തുചുറ്റലും, വന പരിശോധനയും നടത്തി വന സംരക്ഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംരക്ഷണ ജീവനക്കാർക്ക് ആവശ്യമായ വാഹനങ്ങൾ, ആയുധങ്ങൾ, വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയും വന സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയും വനം കൊള്ള തടയുന്നതിനും വനനശീകരണം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി സംരക്ഷണ വിഭാഗം ജീവനക്കാരുടെ കൃത്യനിർവ്വഹണത്തിനായി ഫോറസ്റ്റ് സ്റ്റേഷനുകളിലേക്കും റെയിഞ്ചുകളിലേക്കും റൈഫിൾ, റിവോൾവർ എന്നിവ ആവശ്യാനുസരണം നൽകിയിട്ടുണ്ട്. കൂടാതെ മൊബൈൽ ഫോൺ, പി.ഡി.എ (പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ്), വയർലസ് സെറ്റ്, ബൈനോക്കുലർ, നൈറ്റ് വിഷൻ ഉപകരണം, ജി.പി.എസ്, റെയിഞ്ച് ഫൈൻഡർ, സേർച്ച് ലൈറ്റ്, ക്യാമറ എന്നീ ആധുനിക ഉപകരണങ്ങളും ആവശ്യാനുസരണം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ